## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 409** **27.09.2016-ൽ മറുപടിയ്ക്ക്**

### വൈദ്യുതി വിതരണശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. സി. എഫ്. തോമസ് :<br>ഡോ. എൻ. ജയരാജ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി വിതരണശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി നിലവിൽ അവലംബിച്ചുവരുന്ന പ്രതിഷ്ഠാപന മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ; | (എ) വൈദ്യുതി വിതരണശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിനായി ആസൂത്രണം ചെയ്ത അറ്റകുറ്റപ്പണികളും, കൂടാതെ എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ് ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് കേടായതും പഴകിയതുമായ എ.ബി. സ്വിച്ച്, എർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ മെയിന്റനൻസും ചെയ്യുക, ട്രാൻസ് ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ നിശ്ചിത ഇടവേളകളിൽ ചെയ്യുന്നുണ്ട്. |

കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള AAC (All Aluminum Conductor), കോപ്പർ തുടങ്ങിയ കമ്പികൾ മാറ്റി ACSR (Aluminum Conductor Steel Reinforced) കമ്പികൾ ഉപയോഗിക്കുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയവ എല്ലാ വർഷവും ചെയ്തുവരുന്നു. 11 കെ.വി.യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിന് സബ്സ്റ്റേഷനുകളിലുള്ള സംവിധാനം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കുന്നുണ്ട്. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് സാങ്കേതികവിദ്യ എത്രത്തോളം വിജയകരവും സുരക്ഷിതവുമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ റോഡുകൾക്കരികിലും, റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്ത സ്ഥലങ്ങളിലും, തീരപ്രദേശങ്ങളിലും, ഇടുങ്ങിയ റോഡു- കളുടെ അരികിലും, പ്രകൃതി ദുർബല പ്രദേശങ്ങളിലും, മറ്റു സംവിധാനങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്ത സ്ഥലങ്ങളിലും, റോഡ് റെയിൽ പാതകൾ തുടങ്ങിയവ മുറിച്ചു കടക്കേണ്ടി വരുമ്പോളുമാണ് ഹോറിസോണ്ടൽ ഡയറക്ഷനൽ ഡ്രില്ലിംഗ് (HDD) സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. ഭൂമിയ്ക്കടിയിൽ മറ്റു സുപ്രധാന ശൃംഖലകളുടെ കേബിളുകൾ, കുഴലുകൾ, പവർ കേബിളുകൾ, ടെലിഫോൺ കേബിളുകൾ, ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ തുടങ്ങിയവ ഉള്ള സ്ഥലങ്ങളി- ലാണ് ഈ രീതി പ്രധാനമായും വിജയ്കരമായി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ വലിയ തോതിൽ ഓപ്പൺ ട്രഞ്ച് ചെയ്യേണ്ടി |

വരുന്ന സ്ഥലങ്ങളിൽ അത് ഒഴിവാക്കാനായി ഈ രീതി അവലംബിക്കുന്നുണ്ട്. ഇത് വളരെ വിജയകരവും കുറഞ്ഞ സമയത്തിനുള്ളിൽ **ജോലി** പൂർത്തിയാക്കാൻ കഴിയുന്നതുമാണ്. HDD ഉപയോഗിക്കുന്നതു കൊണ്ട് റോഡുകളുടെ കേടുപാടുകളും പുനർനിർമാണ ചെലവും കുറയ്ക്കുകയും പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഗതാഗത തടസ്സവും പരമാവധി ഒഴിവാക്കുകയും ചെയ്യാം.

(സി) പൊതുമരാമത്ത് വകുപ്പിന്റെ സഹകരണം ഉറപ്പുവരുത്തി റോഡുകളുടെ വശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള യൂട്ടിലിറ്റി ബേ നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(സി) പല സ്ഥലങ്ങളിലും പുതുതായി റോഡുകൾ നിർമ്മിക്കുമ്പോൾ വശങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള utility bay നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ബോർഡ് അഭ്യർത്ഥിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്കുള്ള ചെലവ് ബോർഡ് വഹിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ നിലവിൽ ബോർഡിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല. ഇതിനായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല.

Hemalatha

**സെക്ഷൻ ഓഫീസർ**